**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **05-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതിവികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2016 മുതൽ 2021 നാളിതുവരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിനു കീഴിൽ 55.68 കി.മീ. എച്ച്.ടി ലൈൻ നിർമ്മാണം, 67.74 കി.മീ. പുതിയ എൽ.ടി ലൈൻ നിർമ്മാണം, 15 കി.മീ. എച്ച്.ടി റീ-കണ്ടക്ടറിങ്ങ്, 547 കി.മീ. എൽ.ടി റീ കണ്ടക്ടറിങ്ങ്, 6.225 കി.മീ എച്ച്.ടി/എൽ.ടി എ.ബി.സി ലൈൻ നിർമ്മാണം, 53 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 43 കി.മീ എൽ.ടി ലൈൻ കൺവേർഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂർ 33 കെ.വി സബ്സ്റ്റേഷനിൽ മൂന്നാമത്തെ 5 MVA, 33/11 KV ട്രാൻസ്ഫോർമർ സ്ഥാപിച്ചു. 110 കെ.വി അത്താണി സബ്സ്റ്റേഷനിൽ രണ്ടാമത്തെ 110/33 KV, 16 MVA ട്രാൻസ്ഫോർമറും സ്ഥാപിച്ചു. |
| (ബി) | 2021-22 കാലയളവിൽ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2021-22 ൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 12 കി.മീ.പുതിയ എൽ.ടി ലൈൻ നിർമ്മാണം, 106 കി.മീ. എൽ.ടി റീ കണ്ടക്ടറിങ്ങ്, 37 കി.മീ. എച്ച്.ടി/എൽ.ടി എ.ബി.സി ലൈൻ നിർമ്മാണം, 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 40 കി.മീ. എൽ.ടി ലൈൻ കൺവേർഷൻ, നിലാവ് പദ്ധതി പ്രകാരം 3537 എണ്ണം തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കുന്ന പദ്ധതി – എന്നീ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വടക്കാഞ്ചേരി 110 കെ.വി സബ്സ്റ്റേഷനിൽ 2021-22ൽ ഒരു ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ